പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5384 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പെൻഷൻ

ചോദ്യം

ശ്രീ. ഒ. രാജഗോപാൽ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പെൻഷൻ സ്റ്റാറ്റ്യൂട്ടറിയാണെന്നും അതു നൽകാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ടെന്നും 2014 ഡിസംബർ 10-ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.റ്റി.സി-യിലെ ജീവനക്കാർക്ക് 1984 മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നല്കുന്നതുപോലെ പെൻഷൻ നല്കിത്തുടങ്ങിയെന്ന് KSRTC പ്രസ്തുത കേസിൽ ഹൈക്കോടതിയെ ബോധിപ്പിച്ചപ്പോൾ ഒരു ക്ഷേമ നടപടി എന്ന നിലയിൽ പെൻഷൻ നല്കുന്നത് നല്ല കാര്യമാണെന്ന് കോടതി പ്രസ്തുത വിധിന്യായത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ, വിധി ന്യായത്തിന്റെ തീർപ്പു കല്പിക്കുന്നിടത്ത് പ്രസ്തുത പെൻഷൻ സ്റ്റാറ്റ്യൂട്ടറിയാണെന്ന് വിധിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ പെൻഷൻ നൽകാതിരുന്ന സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് ഗൗരവമായി പരിശോധിക്കുമോ? | (ബി) | ഉണ്ട്.<br>ആയത് ഗൗരവമായി പരിശോധിച്ചിട്ടുണ്ട്. 2017 മാർച്ച് മാസം വരെയുള്ള പെൻഷൻ തുക പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നതിന് 60 കോടി രൂപ ആവശ്യമാണ്. ടി തുകയുടെ പകുതിയായ 30 കോടി രൂപ സർക്കാർ വിഹിതമായാണ് അനുവദിച്ചു നൽകുന്നത്. ശേഷിക്കുന്ന തുകയായ 30 കോടി രൂപ നിലവിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് 2017 ഏപ്രിൽ, മെയ് മാസങ്ങളിലെ പെൻഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ